അയ്യപ്പന്റെ മരണം

*൨൩൫. (൨൦) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) കോഴഞ്ചേരി ആശുപത്രിയിൽവെച്ച് വിചാരണയിൽ ഇരുന്ന ഒരു തടവുകാരൻ എ. അയ്യപ്പൻ (ഹരിജനം) പോലീസ് മർദ്ദനംമൂലം മരിച്ചതാണെന്ന പരാതിയും പത്രറിപ്പോർട്ടും കിട്ടിയിട്ടുണ്ടോ;

(ബി) അതിന്മേൽ ഗവണ്മെന്റ എന്തെങ്കിലും പരസ്യാന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) അയ്യപ്പന്റെ മരണത്തെപ്പറ്റിയുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്ന ഗവണ്മെണ്ടു പരസ്യംചെയ്തത് എന്തിനെ അടിസ്ഥാനപ്പെടുത്തിയാണെന്ന പറയുവാൻ ദയവുണ്ടാകുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) പത്ര റിപ്പോർട്ടുകൾ കണ്ടിട്ടുണ്ട്. പരാതികൾ കിട്ടിയിട്ടില്ല.

(ബി) ഇല്ല.

(സി) മെഡിക്കൽ സർട്ടിഫിക്കറിനെ അടിസ്ഥാനപ്പെടുത്തിയും ഡിപ്പാർട്ടുമെന്റ് അന്വേഷണത്തിന്റെ ഫലമായും.

മലയായിക്ക പോയവർ

*൨൩൬. (൨൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെപറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തുനിന്നും ഫൻ൫൦൰ൽ എത്ര പേർ മലയാ സ്റ്റേറ്റിൽ പുതുതായി പോയി?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ഫൻ൫൦൰ൽ ആകെ ൨,൩൯൫ പാസ്സ്പോർട്ടുകൾ മലയായ്ക്ക് കൊടുത്തിട്ടുണ്ട്, അതിൽ എത്രപേർ മലയായിൽ പോയി എന്ന് ഗവണ്മെൻറിനു് അറിവില്ല.

LAW COLLEGE HOSTEL AT ERNAKULAM

*263. [24] **Sri. A. M. Thomas:** Will the Hon'ble Minister for Revenue be pleased to state.—

(*a*) when was the site for the Law College Hostel at Ernakulam surrendered by the Y.M.C.A.

(*b*) has the compensation amount payable to the Y. M. C. A. been paid; and

(*c*) if not, what is the cause of delay?

Minister for Education Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a*) 1st July 1950.

(*b*) No.

(*c*) There has been no avoidable delay in the matter. The objections of the Y.M.C.A. authorities in regard to the amount of compensation had to be heard and the question had to be further examined in consultation with the Y. M. C. A. authorities. The terms offered by the Y.M.C.A. are being examined.

NEWS ITEM

*264. [25] **Sri. Muralidhara Marar:** Will the Hon'ble Chief Minister be pleased to state whether the attention of the Government has been drawn to the

LIBRARY ARCHIVES Kerala Legislative Assembly

news item under the caption (പുതിയ ഒരു കംഭകോണം) in the Express Malayalam Daily), dated 19th January 1951.

Chief Minister **(Sri. T. K. Narayana Pillai):**

(*a*) Yes.

TALKS WITH SRI. V. P. MENON

***265.** [26] **Sri. Muralidhara Marar:** Will the Hon'ble Chief Minister be pleased to state.—

(*a*) the nature of the talks the Chief Minister had with Sri. V. P. Menon of the States Ministry at Bangalore recently;

(*b*) whether any political importance is attached to it?

Chief Minister **(Sri. T. K. Narayana Pillai):**

(*a* & *b*) The talks were of a very confidential nature.

മത്സ്യവ്യവസായികൾക്ക് സൗജന്യം

*൨൩൩. (൨൬) **ശ്രീ. റാഫേൽ ജെ. ഫെർണാണ്ടസ്:** താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഇൻഡ്യൻ യൂണിയനിലെ മറ്റു ചില സ്റ്റേറ്റുകളിൽ ചെയ്തുവരുന്നതുപോലെ നമ്മുടെ രാജ്യത്തുള്ള മൽസ്യവ്യവസായികൾക്ക് നൽവിലയിൽ ൫൰ ശതമാനം കുറവുചെയ്യുന്നതിന് ഗവൺമെണ്ടു് ആലോചിക്കുന്നുണ്ടോ;

(ബി) നമ്മുടെ സ്റ്റേറ്റിലുള്ള മൽസ്യവ്യവസായികൾക്ക് ഇത്തരം സൗജന്യം ആവശ്യമാണോ എന്നു് ഗവൺമെൻറ് അന്വേഷിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) നൽ വിലയിൽ കുറവുചെയ്തു കൊടുക്കുന്നതിനെപ്പറ്റി ഇപ്പോൾ ആലോചന ഇല്ല.

(ബി) നൽ വിലയിൽ സൗജന്യംചെയ്തുകൊടുക്കുന്നതു് മൽസ്യവ്യവസായികൾക്കു് ഉപകാരപ്രദമാണു്. എന്നാൽ ഇപ്പോൾ ആവശ്യമുള്ള നൽ കിട്ടുവാൻതന്നെ വിഷമമായിരിക്കുന്നതിനാൽ വില കുറക്കുന്ന കാര്യം ആലോചിക്കുള്ള സന്ദർഭമല്ല.

രോഗികളുടെ ഭക്ഷണത്തോതു്

*൨൩൪. (൨൯) **ശ്രീ. കോന്നാത്തു കുഞ്ഞിരാമമേനോൻ:** താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂറിലും, കൊച്ചിയിലും സംയോജനത്തിനു മുൻപു് ആശുപത്രികളിൽ രോഗികൾക്കു് കൊടുത്തുവന്നിരുന്ന ഭക്ഷണത്തോതു് എന്തായിരുന്നു;

(ബി) ഇപ്പോൾ ഐക്യസംസ്ഥാനത്തിൽ കൊടുത്തുവരുന്ന ആസ്പത്രിയിലെ രോഗികളുടെ ഭക്ഷണത്തോതു് എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) തിരുവിതാംകൂറിലും, കൊച്ചിയിലും സംയോജനത്തിനുമുൻപു് ആശുപത്രികളിൽ രോഗികൾക്കു് ഓരോ രോഗിയുടെയും രോഗസ്ഥിതി അനുസരിച്ചു് മിൽക്കു് ഡയറ്റ്, സ്പൂൺ ഡയറ്റ്, കഞ്ഞി ഡയറ്റ്, സാധാരണ ഡയറ്റ്, ഫുൾഡയറ്റ്, ഹാഫ്ഡയറ്റ് ഈ വിധമുള്ള ആഹാരങ്ങൾ കൊടുത്തുവന്നിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly